താഴെ പറയുന്ന ന്യൂനതകളുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

1. മതിയായ അപേക്ഷാ ഫീസ് ഇല്ലാത്ത അപേക്ഷകൾ.
2. പരീക്ഷാർത്ഥിയുടെ ഒപ്പില്ലാത്ത അപേക്ഷകൾ.
3. അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാനദിവസത്തിന് ശേഷം ലഭിച്ച അപേക്ഷകൾ.
4. നിശ്ചിത ഫാറത്തിലല്ലാത്ത അപേക്ഷകൾ. (33 x 21 cm. വലിപ്പം)
5. നിശ്ചിത ഫീസടച്ചതിനുള്ള തെളിവ് ഇല്ലാതെയുള്ള അപേക്ഷകൾ.
6. അപേക്ഷയിലും അഡ്മിഷൻ ടിക്കറ്റിലും അപേക്ഷകൻ ഫോട്ടോ പതിക്കാതെയുള്ളത്.
7. വ്യക്തമല്ലാത്ത ഫോട്ടോ പതിച്ച അപേക്ഷകൾ.
8. ഓഫീസ് മേലധികാരി / ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്താത്ത ഫോട്ടോ പതിച്ച അപേക്ഷകൾ.
9. ഫോട്ടോയിൽ ഓഫീസ് മേലധികാരിയുടെ ഔദ്യോഗിക പദവി രേഖപ്പെടുത്തിയ സീൽ പതിക്കാത്ത അപേക്ഷകൾ.
10. സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥൻെറ പേര് രേഖപ്പെടുത്താത്ത അപേക്ഷകൾ.
11. വിഷയങ്ങൾ വ്യക്തമായി രേഖപ്പെടുത്താത്ത അപേക്ഷകൾ.
12. അപേക്ഷകൻെറ ഔദ്യോഗിക പദവി രേഖപ്പെടുത്താത്ത അപേക്ഷകൾ.
13. സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥൻെറ ഓഫീസ് മുദ്ര പതിക്കാത്ത അപേക്ഷകൾ
14. അഡ്മിഷൻ ടിക്കറ്റിലെ സർട്ടിഫിക്കറ്റ് ഭാഗം സാക്ഷ്യപ്പെടുത്താത്ത അപേക്ഷകൾ.
15. ആഫീസ് മേലധികാരിയുടെ സാക്ഷ്യപത്രമില്ലാതെ ഫീസ് സൗജന്യം (Free Chance) അവകാശപ്പെടുന്ന അപേക്ഷകൾ.
16. പരീക്ഷാ ഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനുള്ള അർഹത ഇല്ലാതെ സൗജന്യ അവസരം ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുള്ളവരുടെ അപേക്ഷകൾ.
17. ഒരിക്കൽ മുഴുവൻ പേപ്പറുകൾക്കും സൗജന്യ അവസരം അനുവദിക്കപ്പെടുകയും പിന്നീട് ഭാഗികമായി മാത്രം സൗജന്യ അവസരത്തിന് അപേക്ഷിക്കുകയും ചെയ്തിട്ടുള്ളവർ.